54

<u>കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ</u>

No. VLC1/021036/20(A&VB4)

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം, തീയതി: 11.01.2023

<u>കാരണം കാണിക്കൽ നോട്ടീസ്</u>

പാലാ യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റ് ശ്രീ.എബിൻ നോബിൾ.റ്റി എന്ന താങ്കൾ 20.09.2019 തീയതിയായി 22.09.2019 മുതൽ 3 വർഷത്തെ ശൂന്യവേതനാവധി ആവശ്യപ്പെട്ടുകൊണ്ട് യൂണിറ്റിൽ അപേക്ഷ സമർപ്പിച്ചശേഷം കോർപ്പറേഷന്റെ മുൻകൂർ അനുമതി വാങ്ങാതെ 21.09.2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരകാതിരിക്കുകയും അനുവാദമില്ലാതെ വിദേശത്ത് പോയിട്ടുള്ളതുമാണ്. യഥാസമയം അവധിക്കുള്ള അപേക്ഷ സമർപ്പിച്ച് മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെ ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് അച്ചടക്കലംഘനമാണ്. ആയത് സുഗമമായ ഓഫീസ് പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽ കാരണങ്ങളാൽ പാലാ യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റ് ശ്രീ.എബിൻ നോബിൾ.റ്റി എന്ന താങ്കൾക്ക് 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 06.01.2021 തീയതിയായി കുറ്റപത്രം നൽകിയിട്ടുള്ളതും ആയതിന്റെ പകർപ്പ് രജിസ്റ്റേർഡ് പോസ്റ്റ് മുഖേന താങ്കളുടെ ലഭ്യമായ ഗാർഹിക മേൽവിലാസത്തിൽ അയച്ചു നൽകിയിരുന്നുവെങ്കിലും കൈപ്പറ്റാതെ തിരികെ വന്നിട്ടുള്ളതുമാണ്. തുടർന്ന് ഇൻസ്പെക്ടറെ നിയോഗിച്ച് താങ്കളുടെ വീട്ടിൽ നേരിട്ട് അന്വേഷിച്ചതിൽ താങ്കൾ ഇംഗ്ലണ്ടിലാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതുമാണ്.

തുടർന്ന് ഫയൽ ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി പൊൻകുന്നം യൂണിറ്റധികാരിയ്ക്ക് ഫയൽ കൈമാറുകയും അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 25.05.2022 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് 16.03.2022 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് അധികൃതർ താങ്കൾക്ക് അയച്ചു നൽകിയെങ്കിലും "Left India" എന്ന് രേഖപ്പെടുത്തി ആയത് പോസ്റ്റ് അധികാരികളിൽ നിന്ന് തിരികെ ലഭിച്ചിരിക്കുകയാണ്.

ഫയലും അനുബന്ധരേഖകളും പരിശോധിച്ചു. താങ്കൾ കോർപ്പറേഷന്റെ മുൻകൂർ അനുമതി വാങ്ങാതെ വിദേശത്ത് പോയിട്ടുള്ളതും 21.09.2019 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയുമാണ്. താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽ പ്രവൃത്തി ഓഫീസിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതാണ്. ഗുരുതരമായ കൃത്യവിലോപവും, അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത ചട്ടലംഘനത്തിന് താങ്കൾ ശിക്ഷയ്ക്ക് അർഹനമാണ്. ആകയാൽ പാലാ യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റ് ശ്രീ.എബിൻനോബിൾ.റ്റി എന്ന താങ്കളെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും,നിയന്ത്രണവും,അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (vii) പ്രകാരം കോർപ്പറേഷന്റെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഈ ശിക്ഷാനടപടി ശ്രീ.എബിൻനോബിൾ.റ്റി എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന താങ്കളുടെ വിശദീകരണം അന്തിമ തീരുമാനമെടുക്കുന്നതിനു മുൻപ് പരിഗണിക്കുന്നതാണ്. എതിർവാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ വിശദീകരണമോ നൽകുവാനില്ലായെന്ന് അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതു- മാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എ.ഷാജി
(ഗവ:ജോയിന്റ് സെക്രട്ടറി)
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്. ശ്രീ.എബിൻനോബിൾ.റ്റി, ജൂനിയർ അസിസ്റ്റന്റ്, പാലാ
(ജില്ലാ അധികാരി, കോട്ടയം മുഖാന്തിരം)

പകർപ്പ് :- ജില്ലാ അധികാരി, കോട്ടയം - ടി നോട്ടീസ് ടിയാന് കൈമാറി കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിയോടുകൂടിയ ഒപ്പുവാങ്ങി തിരികെ അയച്ചുതരേണ്ടതാണ്.

സ്റ്റോക്ക് ഫയൽ & ഫയൽ.

ad